പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3175

10/12/2018-ൽ
മറുപടിയ്ക്ക്

## വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ട്

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഫണ്ടുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;<br>(ബി) പൊതു വിദ്യാഭ്യാസ വകുപ്പ് പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബി മുഖാന്തിരം ഫണ്ടുകൾ അനുവദിക്കുന്നതിന് ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എന്നത് വിശദമാക്കാമോ? | (എ) യും (ബി) യും | അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ടുകളനുവദിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങളാണ് പാലിക്കുന്നത്.<br>1. എം.എൽ.എ മാർ അതത് നിയോജക മണ്ഡലത്തിൽ നിന്നും ഒരു സ്കൂളിനെ തെരഞ്ഞെടുക്കുന്നു. പ്രസ്തുത സ്കൂളിനെ മികവിന്റെ കേന്ദ്രം ആക്കുന്നതിനായി 5 കോടി രൂപ കിഫ്ബി സഹായം അനുവദിക്കുന്നു.<br>2. 1000 കുട്ടികളിൽ കൂടുതലുള്ള സർക്കാർ വിദ്യാലയങ്ങൾക്ക് കിഫ്ബി സഹായമായി 3 കോടി രൂപ അനുവദിക്കുന്നു. |

Namitha

**സെക്ഷൻ ഓഫീസർ**